"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് 2016-17- കൂത്തുപറമ്പ് നിയോജക മണ്ഡലം - "Construction of a Building for PHC in Mokeri" എന്ന പ്രവൃത്തിയുടെ പേര് മൊകേരി പി.എച്ച്.സി യുടെ താഴത്തെ നില നിർമ്മാണം എന്ന് തിരുത്തി ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്**

**സ.ഉ.(സാധാ) നം.238/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 29/01/2021

---

പരാമർശം:- 1 03/08/2017-ലെ സ. ഉ. (സാധാ) നമ്പർ: 2684/17/തസ്വഭവ.

2 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 28.07 2020-ലെ ഡിബി5/1514/19/നമ്പർ കത്ത്.

3 01/01/2021 ലെ സ. ഉ. (സാധാ) നമ്പർ: 44/2021 /ധന.

**ഉത്തരവ്**

ബഹു: കൂത്തുപറമ്പ് എം.എൽ.എ-യും ആരോഗ്യ കുടുംബക്ഷേമ സാമൂഹ്യനീതി വകുപ്പ് മന്ത്രിയുമായ ശ്രീമതി കെ കെ ഷൈലജ ടീച്ചറുടെ 2016 -17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി "Construction of first floor building for PHC in Mokeri "എന്ന പ്രവൃത്തിക്ക് പരാമർശം (1) പ്രകാരം 16 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു.

എന്നാൽ ഒന്നാം നില എന്നതു തിരുത്തി താഴത്തെ നിലയെന്നാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി നല്കാൻ ബഹു എം.എൽ.എ നിർദ്ദേശിച്ചതിനെ തുടർന്ന് "Construction of a Building for PHC in Mokeri" എന്ന പേരിൽ ഗ്രൗണ്ട് ഫ്ലോർ കെട്ടിടം നിർമ്മിക്കുന്നതിന് പ്രൈസ് സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ ഭരണാനുമതി ഉത്തരവിൽ പ്രവൃത്തിയുടെ പേര് "Consrtuction of first floor Building for PHC in Mokeri" എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ഇപ്രകാരം ഭരണാനുമതി ഉത്തരവിൽ പ്രവൃത്തിയുടെ പേര് തെറ്റായി രേഖപ്പെടുത്തിയതിനാൽ ഒന്നാം നില എന്നതു തിരുത്തി താഴത്തെ നിലയെന്നാക്കി പുതുക്കിയ ഭരണാനുമതി നല്കണമെന്ന് പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ അഭ്യർത്ഥിച്ചിരുന്നു. മൊകേരി പി.എച്ച്.സി യുടെ ഒന്നാം നില നിർമ്മാണം എന്ന പ്രവർത്തി ബഹു: എം.എൽ.എ യുടെ നിർദ്ദേശ പ്രകാരം മൊകേരി പി.എച്ച്.സി-യുടെ താഴത്തെ നിലയുടെ നിർമ്മാണം നടത്തിയിരിക്കുന്നതിനാൽ പ്രവൃത്തിയുടെ പേര് മൊകേരി പി.എച്ച്.സി യുടെ താഴത്തെ നില നിർമ്മാണം എന്ന് തിരുത്തി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് പരാമർശം (3) പ്രകാരം ധനകാര്യ വകുപ്പ് പ്രത്യേകാനുമതി നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ബഹു: കൂത്തുപറമ്പ് എം.എൽ.എ ശ്രീമതി. കെ.കെ. ഷൈലജ ടീച്ചറുടെ 2016 -17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി "Construction of first floor building for PHC in Mokeri "എന്ന പ്രവർത്തി ബഹു: എം.എൽ.എ-യുടെ നിർദ്ദേശ പ്രകാരം മൊകേരി പി.എച്ച്.സി യുടെ താഴത്തെ നിലയുടെ നിർമ്മാണം നടത്തിയിരിക്കുന്നതിനാലും, എസ്റ്റിമേറ്റ് തുകയിൽ വ്യത്യാസം ഇല്ലാത്തതിനാലും, പ്രവൃത്തിയുടെ പേര് മൊകേരി പി.എച്ച്.സി-യുടെ താഴത്തെ നില നിർമ്മാണം എന്ന് തിരുത്തി പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**യു വി ജോസ് ഐ എ എസ്**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

ബഹു: ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പഞ്ചായത്ത് ഡയറക്ടർ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ട്രഷറി ഡയറക്ടർ

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) എൽ ബി എ & എ തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ (നോഡൽ സെന്റർ സി) വകുപ്പ്

സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ